കെട്ടിക്കിടക്കുന്ന കേസുകളുടെ വിചാരണ താമസംവിനാ ആരംഭിക്കാൻ നടപടി

25 [5855] ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ വിചാരണ താമസംവിനാ ആരംഭിക്കാൻ ഹൈക്കോടതിയുമായി ചർച്ച ചെയ്ത് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സബോർഡിനേറ്റ് കോടതികളിൽ കെട്ടിക്കിടക്കുന്ന പഴയ കേസുകൾ തീർപ്പാക്കുന്നതിന് ഹൈക്കോടതി പല നടപടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. കേസുകൾ, പ്രത്യേകിച്ചും പഴയ കേസുകൾ, സമയബന്ധിതമായി തീർപ്പാക്കുന്നതിന് ടാർജറ്റ് നൽകിയിട്ടുണ്ട്. ഓരോ ദിവസവും കൈകാര്യം ചെയ്യേണ്ട പഴയ സിവിൽ കേസുകളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കിയതിൻ പ്രകാരമാണ് വിചാരണ നടത്തുന്നത്. സബോർഡിനേറ്റ് കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നേരിട്ട് വീക്ഷിക്കുകയും ആവശ്യമെന്ന് കണ്ടാൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. അടുത്തകാലത്ത് കെട്ടിക്കിടക്കുന്ന ക്രിമിനൽ കേസുകൾ തീർപ്പാക്കുന്നതിന് 27 ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കുകയുണ്ടായി. സിവിൽ/ക്രിമിനൽ കേസുകളുടെ വിചാരണയ്ക്ക് കാലതാമസം നേരിടുന്നത് അതിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങളുടെ ഭാഗമായാണ്.

ജയിൽ റിവ്യൂ കമ്മിറ്റി രൂപീകരിക്കാൻ നടപടി

26 [5857] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ജീവപര്യന്തം ശിക്ഷ വിധിക്കപ്പെട്ട എട്ടു വർഷം തനി ശിക്ഷ പൂർത്തിയാക്കിതും ഇളവുകളടക്കം 10 വർഷം ശിക്ഷ പൂർത്തിയാക്കിയതുമായവരുടെ കേസ്സുകൾ പഠിച്ച് വിടുതൽ ചെയ്യുന്നതിലേക്ക് ശുപാർശ സമർപ്പിക്കുവാനായുള്ള സംസ്ഥാന ജയിൽ റിവ്യൂ കമ്മിറ്റി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജീവപര്യന്തം ശിക്ഷിക്കപ്പെട്ട് എട്ടു വർഷം തനിശിക്ഷ പൂർത്തിയാക്കിയവരും ഇളവുകളടക്കം 10 വർഷം ശിക്ഷ പൂർത്തിയാക്കിയവരുമായ എത്ര തടവുകാർ സംസ്ഥാനത്തെ വിവിധ ജയിലുകളിലായി ഉണ്ട്;

(ഡി) ഇവരുടെ ജയിൽ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) മേൽ സൂചിപ്പിച്ച പ്രകാരം തടവുശിക്ഷ പൂർത്തീകരിച്ച എത്ര തടവുകാരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിട്ടയച്ചു;

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത തടവുകാരുടെ കേസ്സുകൾ പഠിച്ച് അർഹരായവരെ വിട്ടയയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബഹു. കേരള ഹൈക്കോടതിയുടെ 10-1-2002, 4-6-2002 എന്നീ തീയതികളിലെ ക്രിമിനൽ എം.സി. 400/2001 (ഡി) ഉത്തരവിൽ 14 വർഷം തനിശിക്ഷ പൂർത്തിയാക്കാത്ത ജീവപര്യന്തം തടവുകാരെ അവരുടെ ശിക്ഷ ഇളവു ചെയ്തു വിടുതൽ ചെയ്യുന്നത് ക്രിമിനൽ നടപടി ക്രമത്തിന്റെ ലംഘനമാണെന്നും മേലിൽ 14 വർഷം ശിക്ഷ പൂർത്തിയാക്കാത്ത ജീവപര്യന്തം തടവുകാരെ വിടുതൽ ചെയ്യുവാൻ പാടില്ലായെന്നും അതിനുശേഷം ഉള്ള വിടുതൽ തന്നെ കേസ്സിന്റെ എല്ലാ സ്വഭാവവും പഠിച്ചതിനുശേഷവും സർക്കാർ നിശ്ചയിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടും ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുള്ളതിനാൽ ജയിൽ റിവ്യൂ കമ്മിറ്റിയുടെ പ്രസക്തി നിലവിൽ ഇല്ലാതായിരിക്കുകയാണ്.

(സി) 282 പേർ.

(ഡി) ജയിൽ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

	പുരുഷൻമാർ	സ്ത്രീകൾ	ആകെ
സെൻട്രൽ ജയിൽ, വിയ്യൂർ	7	1	8
സെൻട്രൽ ജയിൽ, കണ്ണൂർ	62	2	64
സെൻട്രൽ ജയിൽ, തിരുവനന്തപുരം	91	..	91
തുറന്ന ജയിൽ, നെട്ടുകാൽത്തേരി	116	..	116
വനിതാ ജയിൽ, നെയ്യാറ്റിൻകര	..	3	3
ആകെ	276	6	282

(ഇ) ആരെയും വിടുതൽ ചെയ്തിട്ടില്ല.

(എഫ്) ഉത്തരം (ബി)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly